15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 776 — 06-12-2022 - ൽ മറുപടിയ്ക്ക്

സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി മുഖേന കാർഷിക, കാർഷിക അനുബന്ധ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത് എന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നമാക്കൽ, വിൽപ്പന എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണ് – “സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി”. ചുവടെ പരാമർശിക്കുന്ന ഏഴ് ഉപഘടകങ്ങളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| ക്രമ നം. | ഉപപദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക |
|---|---|---|
| 1. | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സമഗ്ര കാർഷിക വികസന പദ്ധതി | 550.00 ലക്ഷം രൂപ |
| 2. | കാർഷിക വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 250.00 ലക്ഷം രൂപ |
| 3. | കാർഷിക ഉൽപാദനം, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ | 250.00 ലക്ഷം രൂപ |
| 4. | ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കൽ | 110.00 ലക്ഷം രൂപ |
| 5. | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് – സഹകരണ സംരഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം | 500.00 ലക്ഷം രൂപ |
| 6. | കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ | 500.00 ലക്ഷം രൂപ |
| 7. | കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം ശക്തിപ്പെടുത്തൽ. | 90.00 ലക്ഷം രൂപ |
| **ആകെ** | | **2250.00 ലക്ഷം രൂപ** |

| | | | |
|---|---|---|---|
| | | | |
| (ബി) | കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വത്തിനുള്ള സ്റ്റാർട്ടപ്പുകൾക്ക് പ്രോൽസാഹനം നൽകുന്നതിന് പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ; | (ബി) | ജില്ലകളിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തികവർഷം രൂപീകരിച്ചിട്ടുള്ള ഉപ പദ്ധതിയാണ് **തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം.** എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യ വർദ്ധനവ്, സംസ്കരണം, വിപണനം, എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമാണ് ടി ഉപ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ക്ലസ്റ്ററിന് സബ്സിഡിയും, ഓഹരി സഹായവും നൽകുന്നുണ്ട്. പാലക്കാട് നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘത്തിനും (PAPCOS), കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുള്ള(KAPCOS) ധനസഹായവും ഈ ഉപ പദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്.<br><br>ടി ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തികൾക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കർഷകർക്ക് സഹായകരമായി കാർഷിക വായ്പ സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ പുതുതായി നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (സി) | കർഷകർക്ക് സഹായകരമായി കാർഷിക വായ്പാ സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അർഹതപ്പെട്ട കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ കൂടുതലായി നൽകുന്നതിനുള്ള നടപടികൾ കേരളാ ബാങ്ക് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ State level Technical Committee യുടെ നിർദ്ദേശാനുസരണം മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞ കൃഷി ഭൂമിയിലും Terraced farming ലും കൂടി കൃഷി ചെയ്യുന്നതിലേക്കായുള്ള വായ്പ നൽകുന്നതിനുള്ള നടപടി കേരളാ ബാങ്ക് സ്വീകരിച്ചിട്ടുണ്ട്. നബാർഡ് നിർദ്ദേശാനുസരണം 1.60 ലക്ഷം രൂപ വരെ ജാമ്യമില്ലാതെ കാർഷിക വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നിലവിൽ KCC ISS (കിസാൻ ക്രെഡിറ്റ് കാർഡ് ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം) പോർട്ടൽ മുഖേന 3% പലിശ സബ്സിഡി ഓൺലൈനായി ഉടൻ തന്നെ നൽകുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. കേരളാ ബാങ്കിൽ നിന്നും ക്ഷീരമിത്ര എന്ന പേരിൽ ക്ഷീര കർഷകർക്കായി ഒരു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. MSME സുവിധ പ്ലസ്, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, മൈക്രോ ഫുഡ് പ്രോസസിംഗ് എന്നീ സ്കീമുകളിലും കർഷകരെ സഹായിക്കുന്ന വായ്പാ പദ്ധതികൾ കേരളാ ബാങ്ക് പുതുതായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ